DESPATCHED
On... 29/06/2020
25-5-20.

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP. 2371(2)/2018/എസ്.ഐ.സി.**
**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**
**(ഫയൽ നമ്പർ 13223/എസ്.ഐ.സി-ജി 6/18)**

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.പ്രദീപ് കുമാർ എൻ.എസ്.,
അനിപ്രീയ, കൂട്ടിക്കട പി.ഒ.,
തട്ടാമല, കൊല്ലം. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&
സൂപ്രണ്ട്, ജില്ലാ ട്രാൻസ്പോർട്ട് ഓഫീസറുടെ
കാര്യാലയം, കെ.എസ്.ആർ.ടി.സി., കൊല്ലം.

2. അപ്പീൽ അധികാരി&
ജില്ലാ ട്രാൻസ്പോർട്ട് ഓഫീസർ,
കെ.എസ്.ആർ.ടി.സി., കൊല്ലം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 01.09.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 24.09.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 05.10.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | -- |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 13.11.2018 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 19.11.2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 12.02.2020 കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കൊല്ലം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.പ്രദീപ് കുമാർ എൻ.എസ്., 13.11.2018ന് സമർപ്പിച്ച അപ്പീൽ ഹർജി 19.11.2018ന് കമ്മീഷൻ ഓഫീസിൽ ലഭിക്കു

കയും ആയത് AP.No.2371(2)/18/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ സമർപ്പിച്ച ഒന്നാം അപ്പീലിന്മേൽ നിശ്ചിത സമയപരിധിയ്ക്കകം നടപടി സ്വീകരിച്ചില്ലെന്നും ആകയാൽ ടിയാന്റെ അപ്പീലിന്മേൽ നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 01.09.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ താല്ക്കാലിക നിയമനം വഴി ശുചീകരണ ജോലികൾ ചെയ്യുന്നതിനായി നിയമിച്ചിട്ടുള്ളവരിൽ സ്കാവഞ്ചർ ജോലിയ്ക്ക് വേണ്ടി നിയമിതനായ ജീവനക്കാരന്റെ പേര് ലഭ്യമാക്കണമെന്നും സ്കാവഞ്ചറിന്റെ ജോലികൾ എന്തെല്ലാമെന്നും സ്വീപ്പേഴ്സിന്റെ ജോലികൾ എന്തെല്ലാമെന്ന് പ്രത്യേകം ലഭ്യമാക്കണമെന്നും തുടങ്ങി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 24.09.2018ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 05.10.2018ന് ഒന്നാം അപ്പീൽ സമർപ്പിച്ചതായും കാണുന്നു.

4. 20.12.2018ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്നും പ്രസ്തുത മറുപടി തൃപ്തികരമല്ല എന്നു കാണിച്ചുകൊണ്ട് ടിയാൻ സമർപ്പിച്ച ഒന്നാം അപ്പീലിന്മേൽ 16.11.2018ന് നേരിൽ കേൾക്കുന്നതിനായി അറിയിപ്പു നൽകിയെങ്കിലും ടിയാൻ ഹാജരായില്ലെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 07.02.2020ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ടിയാന് വ്യക്തമായ മറുപടി ലഭിച്ചില്ലെന്നും ടിയാന്റെ അപ്പീൽ തീർപ്പാക്കിയിട്ടില്ലെന്നുമാണ് ഹർജിക്കാരന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപമെന്ന് കമ്മീഷൻ വിലയിരുത്തുന്നു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്നും ടിയാന്റെ അപ്പീലിന്മേൽ നേരിട്ട് ഹാജരാകാൻ കത്തു നൽകിയിട്ട് ഹാജരായില്ലെന്നുമാണ്. ഇരുകക്ഷികളുടെ മൊഴിയുടെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതി

ന്റെയും അടിസ്ഥാനത്തിൽ ഹർജിക്കാരന് ഒരിയ്ക്കൽ കൂടി മറുപടിയുടെ പകർപ്പ് അയച്ചു നൽകണമെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മേയ് 25–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/